(ഐ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജെ)& (കെ) പ്രസക്തമല്ല.

132 (1676) വൈദ്യുത പദ്ധതികളുടെ നവീകരണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലപ്പഴക്കംചെന്ന വൈദ്യുതി പദ്ധതികൾ നവീകരിക്കുന്നതു സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എത്ര പണം ചെലവായിയെന്നും, അതിന് ആഗോള ടെണ്ടർ വിളിച്ചിരുന്നോ എന്നും വിശദമാക്കുമോ;

(സി) നവീകരണ ജോലികൾക്കുള്ള ടെണ്ടർ വിളിച്ചിരുന്നോ; ജോലികൾ ഏതെങ്കിലും കമ്പനിയെ ഏൽപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കാലപ്പഴക്കം ചെന്ന വൈദ്യുത പദ്ധതികൾ നവീകരിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏജൻസികളെയൊന്നും നിയോഗിച്ചിരുന്നില്ല. എന്നാൽ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതിയുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന്, റിട്ട യേർഡ് ചീഫ് എഞ്ചിനീയർ ശ്രീ. ജി. രാധാകൃഷ്ണപിള്ളയെ 1995 സെപ്തംബറിൽ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ശബരിഗിരി പദ്ധതിയുടെ നവീകരണം സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 24.6.98-ന് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിന് 98,000/- രൂപ ചെലവായി. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആഗോള ടെണ്ടർ വിളിക്കേണ്ട കാര്യമില്ല.

(സി) നേര്യമംഗലം, ശബരിഗിരി എന്നീ പദ്ധതികളുടെ നവീകരണത്തിന് ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണജോലികൾ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്. 10.8.95-ൽ എസ്.എൻ.സി. കമ്പനിയും കെ.എസ്.ഇ.ബി.യും തമ്മിലൊപ്പിട്ട ധാരണാപത്രത്തിന്റെ തുടർ നടപടിയാണ് എസ്.എൻ.സി. കമ്പനിക്ക് പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണജോലികൾ ഏൽപ്പിച്ചിട്ടുള്ളത്.

133 (1677) മാനന്തവാടി ജലവൈദ്യുത പദ്ധതി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly